# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5075 04.07.2012 -ൽ മറുപടിയ്ക്ക്**

**മാറാട് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ എളമരം കരീം : | ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| എ) മാറാട് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത് ; | (എ) മാറാട് ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് 20.02.2006 – നാണ്. |
| ബി) ഈ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) മാറാട് സംഭവം സംബന്ധിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ അംഗീകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഭവത്തിനു പിന്നിലെ ഗൂഢാലോചനയും മറ്റും സംബന്ധിച്ച് കേന്ദ്ര ഏജൻസികളെക്കൊണ്ട് അന്വേഷണം നടത്തണമെന്ന കമ്മീഷന്റെ ശുപാർശ പ്രകാരം ഇതു സംബന്ധിച്ച അന്വേഷണം സി.ബി.ഐ. ക്ക് കൈമാറാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ നിരസിച്ചു. |
| സി) കലാപത്തിന്റെ പിന്നിലെ ഗൂഢാലോചന വെളിച്ചത്ത് കൊണ്ട് വരുവാൻ സി. ബി. ഐ. അന്വേഷണം വേണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരുന്നുവോ ; | (സി) സെൻട്രൽ ഇന്റലിജൻസ് ബ്യൂറോ, സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ, ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ്, എന്നിവയിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഒരു ബഹുതല ഏജൻസി ഇതു സംബന്ധിച്ച അന്വേഷണം നടത്തണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. |
| ഡി) എങ്കിൽ സി. ബി. ഐ. അന്വേഷണം ആവശ്യപ്പെടാൻ നടപടി കൈക്കൊള്ളുമോ ;<br><br>ഇ) ഉണ്ടെങ്കിൽ മായിൻഹാജിയുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (ഡി) & (ഇ) മാറാട് സംഭവം സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം വേണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ തുടർച്ചയായി നിരസിച്ച സാഹചര്യത്തിൽ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള അന്വേഷണം, ക്രൈംസ് വിഭാഗം അഡീഷണൽ പോലീസ് ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിലുള്ള ഒരു പ്രത്യേക അന്വേഷണ സംഘത്തെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത സംഘം ഇതു സംബന്ധിച്ച അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ